# തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത് കാര്യാലയം

പാലോട്.പി.ഒ, പാലക്കാട് ജില്ല, കേരളം, പിൻ 678583,

☎ –04924 236236 ☎ – e-mail- ddpthachanatukara@gmail.com


നമ്പർ : SC2-22/ 2026-27 തീയ്യതി : 15.06.2026

## ക്വട്ടേഷൻ നോട്ടീസ്

തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എം.എസി.എഫ് ൽ സംഭരിക്കുന്ന എല്ലാവിധ അജൈവ മാലിന്യങ്ങളും ( റിജക്റ്റഡ് വേസ്റ്റ്) പുനരുപയോഗ സാധ്യതയുള്ള മാലിന്യങ്ങളും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി കൊണ്ടു പോകുന്നതിന് പാലക്കാട് ജില്ലയിൽ ശുചിത്വമിഷൻറെ അംഗീകാരമുള്ള ഖരമാലിന്യ സംസ്കരണ മേഖലയിൽ പ്രവൃത്തി പരിചയമുള്ള സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു.

ക്വട്ടേഷനിൽ കൊണ്ടു പോകുന്ന മാലിന്യങ്ങളുടെ ഒരു കിലോഗ്രാമിനുള്ള നിയമാനുസൃത നികുതി നിരക്കുകൾ സഹിതമുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്. ഖരമാലിന്യ സംസ്കരണ മേഖലയിലുള്ള പ്രവൃത്തി പരിചയം, കേരള പൊല്യൂഷൻ കൺട്രോൾ ബോർഡിൻറെ അനുമതി പത്രം, ഗോഡൌൺ സൌകര്യം, ഫോർവേഡ് ലിങ്കേജ്, സിമൻറ് ഫാക്ടറിയുമായുള്ള കരാർ, ജി.പി.എസ് സംവിധാനമുള്ള വാഹന ലഭ്യത എന്നിവ ക്വട്ടേഷനോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്.

ക്വട്ടേഷൻ സംബന്ധമായ എല്ലാ സർക്കാർ നിബന്ധനകളും, ഈ ക്വട്ടേഷനും ബാധകമായിരിക്കുന്നതാണ്. ക്വട്ടേഷൻ കാരണം കൂടാതെ തള്ളുന്നതിനും, നിരസിക്കുന്നതിനുമുള്ള അധികാരം പഞ്ചായത്തിൽ നിക്ഷിപ്തമാണ്. ക്വട്ടേഷൻ സംബന്ധിച്ച അന്തിമ തീരുമാനം പഞ്ചായത്തിൻറേതായിരിക്കും. ക്വട്ടേഷൻ നിശ്ചയിച്ച ദിവസം ഓഫീസ് അവധി മൂലമോ മറ്റ് കാരണങ്ങൾ കൊണ്ടോ നടക്കാതെ വന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ഇതേ രീതിയിലും, സമയത്തും ക്വട്ടേഷൻ നടപടികൾ ഇതേ രീതിയിൽ തുടരുന്നതാണ്. കൂടുതൽ വിവരങ്ങൾ അറിയുന്നതിന് പ്രവൃത്തി ദിവസങ്ങളിൽ പഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

| | | |
|---|---|---|
| ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയ്യതി | : | 22.06.2026 ഉച്ചക്ക് 2 മണി |
| ക്വട്ടേഷൻ തുറന്നു പരിശോധിക്കുന്ന തീയ്യതി | : | 22.06.2026 ഉച്ചക്ക് 3 മണി |

സെക്രട്ടറി
തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത്

Office of the Thachanattukara Grama Panchayath ★ Palode P.O ★ Palakkad Dt, Pin. 678583

Secretary
Thachanattukara
Grama Panchayath
Palode P.O, Palakkad Dt,
Pin: 678583